# പതിമൂന്നാം കേരള നിയമസഭാ
# ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2193 18-6-2013-ലെ മറുപടിക്ക്**

## നിയമങ്ങളുടെ ഏകീകരണവും പരിഷ്കരണവും

| ചോദ്യം<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ഉത്തരം<br>ശ്രീ.കെ.എം.മാണി<br>ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|
| (എ) സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനും കാലാനുസൃതമാക്കി പരിഷ്ക്കരിക്കുന്നതിനും എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനും കാലാനുസൃതമാക്കി പരിഷ്കരിക്കുന്നതിനും, 17-11-2007-ൽ ജി.ഒ.(എം.എസ്) നം.253/07/ നിയമം എന്ന സർക്കാർ ഉത്തരവ് പ്രകാരം ജസ്റ്റീസ് വി.ആർ.കൃഷ്ണയ്യർ അദ്ധ്യക്ഷനായിട്ടുള്ള ഒരു നിയമ പരിഷ്കരണ കമ്മീഷൻ രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ നടന്നു വരുന്നു. |
| (ബി) നിയമ പരിഷ്കരണവുമായി ബന്ധപ്പെട്ട് മുമ്പ് നിയോഗിച്ച കമ്മിറ്റികൾ ഇക്കാര്യത്തിൽ എന്തെങ്കിലും റിപ്പോർട്ടുകൾ നൽകിയിട്ടുണ്ടോ, ഇതിൻമേൽ തുടർനടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (ബി) 26-11-2001-ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി) നം.1054/01/നിയമം അനുസരിച്ച് ബഹുമാനപ്പെട്ട നിയമ മന്ത്രി ശ്രീ.കെ.എം.മാണി ചെയർമാനും മുൻ പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാനും, മുൻ നിയമ വകുപ്പ് സെക്രട്ടറിയും അംഗങ്ങളായുള്ള ഒരു നിയമ പരിഷ്കരണ കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി ആദ്യ റിപ്പോർട്ട് 2002 നവംബർ മാസത്തിൽ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. മേൽ റിപ്പോർട്ടിലെ ശുപാർശ പ്രകാരം കാലഹരണപ്പെട്ടതായി കണ്ടെത്തിയ |

| | |
|---|---|
| | 697 നിയമങ്ങൾ റദ്ദു ചെയ്യുന്നതിനായി 2005-ൽ ഒരു ഓർഡിനൻസ് (2005-ലെ ദി കേരള റിപ്പീലിംഗ് ആന്റ് അമന്റിംഗ് ഓർഡിനൻസ്) (2005-ലെ 18-ാം നമ്പർ ഓർഡിനൻസ്) പുറപ്പെടുവിച്ചിട്ടുള്ളതുമാകുന്നു.<br>17-11-2007-ൽ ജി.ഒ (എം.എസ്) നമ്പർ 253/07/നിയമം എന്ന സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച ജസ്റ്റീസ് വി.ആർ.കൃഷ്ണയ്യർ അദ്ധ്യക്ഷനായിട്ടുള്ള നിയമ പരിഷ്കരണ കമ്മീഷൻ 24-1-2009-ൽ ഔദ്യോഗികമായി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാകുന്നു. 1164 പേജ് വരുന്ന പ്രസ്തുത റിപ്പോർട്ടിൽ വിവധ വിഷയങ്ങളെ സംബന്ധിക്കുന്ന 104 കരട് ബില്ലുകൾ ഉണ്ട്. അവയിൽ 66 ബില്ലുകൾ പുതിയ നിയമങ്ങളുണ്ടാക്കുന്നതിനും 29 എണ്ണം നിലവിലുള്ള നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനും 9 എണ്ണം നിലവിലുള്ള ചട്ടങ്ങളും റെഗുലേഷനുകളും ഭേദഗതി ചെയ്യുന്നതിനുമുള്ളവയാണ്. 107 കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിനും പ്രസ്തുത റിപ്പോർട്ടിൽ നിർദ്ദേശം ഉണ്ട്.<br>പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട ഭരണവകുപ്പുകളുടെ അഭിപ്രായം വാങ്ങുന്നതുൾപ്പടെയുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതാകുന്നു. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.